# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3490** **09.04.2013-ൽ മറുപടിക്ക്**

## ഉപയോഗിക്കാത്ത റോഡ് റോളറുകളുടെ ഡ്രൈവർമാരെ മറ്റ് വാഹനങ്ങൾക്കായി നിയോഗിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) | |
| (എ) | വൈക്കം താലൂക്കിലെ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകളിലായി എത്ര റോഡ് റോളറുകളാണ് ഉള്ളതെന്നും അതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ ; | (എ) | വൈക്കം താലൂക്കിലെ പൊതുമരാമത്ത് വകുപ്പിന്റെ തലയോലപ്പറമ്പ്, കടുതുരുത്തി, വൈക്കം എന്നീ സെക്ഷൻ ഓഫീസുകളിൽ മൂന്നു റോഡ് റോളറുകൾ ആണ് ഉള്ളത്. ഇതിൽ വൈക്കം സെക്ഷൻ ഓഫീസിലെ റോഡ് റോളർ മാത്രമാണ് പ്രവർത്തനക്ഷമമായുള്ളത് |
| (ബി) | എത്ര റോഡു റോളറുകൾക്കാണ് ഡ്രൈവർമാർ നിലവിലുള്ളതെന്നും ആയതിൽ ഓരോരുത്തരും കഴിഞ്ഞ ഒരു വർഷം (2012-13) എത്ര ദിവസം ജോലി ചെയ്തുവെന്നും അറിയിക്കുമോ; | (ബി) | വൈക്കം സെക്ഷനിലെ റോഡ് റോളറിന് മാത്രമാണ് ഡ്രൈവർ നിലവിലുള്ളത്. 2012-2013-ൽ വൈക്കം സെക്ഷൻ ഓഫീസിലെ റോളർ ഡ്രൈവർ 28 ദിവസം ജോലി ചെയ്തിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡ് റോളറുകൾ സ്വകാര്യ കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ടോ എന്നും എങ്കിൽ കഴിഞ്ഞ ഒരു വർഷം (2012-13) എത്ര തവണ പ്രസ്തുത രീതിയിൽ നൽകിയിട്ടുണ്ട് എന്നും അറിയിക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡ് റോളറുകൾ സ്വകാര്യ കോൺട്രാക്ടർമാർക്ക് നൽകാറില്ല. |
| (ഡി) | നിലവിൽ ഉപയോഗിക്കാത്ത റോഡ് റോളറുകളുടെ ഡ്രൈവർമാരെ മറ്റ് വാഹനങ്ങൾക്കായി നിയോഗിക്കാറുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ? | (ഡി) | സർക്കാർ ഉത്തരവ് നം. 1078/2003/ പൊ.മ.വ തീയതി 04.11.2003 പ്രകാരം റോളർ ഡ്രൈവർമാരുടെ 80 പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ ജീവനക്കാർ വിരമിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ നിർത്തലാക്കി വരികയാണ്. ഈ സാഹചര്യത്തിൽ നിലവിൽ ജോലിയില്ലാതിരിക്കുന്ന റോളർ ഡ്രൈവർമാരുടെ സേവനം ഈ വകുപ്പിന്റെ മറ്റു മേഖലയിൽ ഉപയോഗപ്പെടുത്തേണ്ടത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ